കണക്കിലെടുക്കുമ്പോൾ 1985-86-ൽ സംസ്ഥാനത്ത് പദ്ധതി പ്രവർത്തനങ്ങൾക്കായി ആകെചെലവിടുന്ന തുകയുടെ 9.44% പട്ടികജാതിക്കാർക്കുമാത്രമായുള്ള പരിപാടികൾക്ക് വകയിരുത്തിയിട്ടുള്ളതായിക്കാണാം.

(എഫ്) പദ്ധതികളുടെ പ്രയോജനംകൂടി കണക്കിലെടുത്താൽ സംഖ്യ കുറവുള്ളതായി കരുതുക സാദ്ധ്യമല്ല.

ഇരുപതിനപരിപാടിക്കു കേന്ദ്രം അനുവദിച്ചിട്ടുള്ള തുക

339. [522] ശ്രീമതി ഗൗരിഭവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരുപതിന സാമ്പത്തിക പരിപാടിയുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ മൂന്നു വർഷങ്ങളായി കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളതായ തുക (1982-83, 1983-84, 1984-85) എത്രയാണ് ;

(ബി) അവയിൽ ഓരോ വർഷവും എത്രവീതം ചെലവഴിച്ചിട്ടുണ്ട് ;

(സി) കഴിഞ്ഞ മൂന്നു വർഷങ്ങളായി ഇരുപതിന സാമ്പത്തിക പരിപാടി അനുസരിച്ച് കേന്ദ്രത്തിൽ നിന്നും അനുവദിച്ച തുകയിൽ തുക വല്ലതും ലാപ്സാക്കിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്ര ;

(ഇ) ഹരിജനങ്ങൾക്ക് അനുവദിച്ചിട്ടുള്ള തുക ലാപ്സാക്കുവാനുണ്ടായ കാരണമെന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1982-83-ലേക്ക് 3457.416 ലക്ഷം രൂപയും, 1983-84-ലേക്ക് 4179.497 ലക്ഷം രൂപയും 1984-85-ലേക്ക് 7154.662 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) അവയിൽ 1982-83-ൽ 3083.871 ലക്ഷം രൂപയും 1983-84-ൽ 4919.078 ലക്ഷം രൂപയും 1984-85-ൽ 7221.983 ലക്ഷം രൂപയും ചെലവാക്കി.

(സി) ചില ഇനങ്ങളിൽ കുറച്ചു തുക അതാതു വർഷം ചെലവാക്കാൻ കഴിഞ്ഞിട്ടില്ല. 1982-83-ൽ 451.229 ലക്ഷം രൂപയും 1983-84-ൽ 120.016 ലക്ഷം രൂപയും 1984-85-ൽ 110.413 ലക്ഷം രൂപയും ചെലവാക്കാൻ കഴിഞ്ഞിട്ടില്ല.

(ഡി) 1982-83-ലും 1984-85-ലും അനുവദിച്ച തുക മുഴുവനും ചെലവഴിക്കാൻ കഴിഞ്ഞില്ലെങ്കിലും 1983-84-ൽ അനുവദിച്ച സംഖ്യയേക്കാൾ കൂടുതൽ ചെലവഴിക്കുകയും അങ്ങനെ കഴിഞ്ഞ മൂന്നു കൊല്ലത്തിൽ മൊത്തം അനുവദിച്ച സംഖ്യയേക്കാൾ കൂടുതലായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

പട്ടിണി മരണം

340. [523] ശ്രീമതി ഗൗരിഭവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികളുടെ ഇടയിൽ വ്യാപകമായ പട്ടിണി മരണങ്ങൾ നടക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പട്ടിണിമൂലം കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനുശേഷം എത്രപേർ മരണമടഞ്ഞിട്ടുണ്ട് ;

(സി) പട്ടിണി പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല

(ബി) പട്ടിണിമൂലം ആരും മരണമടഞ്ഞിട്ടില്ല.

(സി) പട്ടിക വർഗ്ഗക്കാരുടെ ഇടയിലുള്ള ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് വിവിധ പരിപാടികൾ നടപ്പിലാക്കുന്നുണ്ട്. ഗ്രാമീണ

LIBRARY ARCHIVES Kerala Legislative Assembly